LIBRARY ARCHIVES Kerala Legislative Assembly

സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ

299(605) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാംസ്കാരിക വകുപ്പിന് കീഴിൽ ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

സാംസ്കാരിക വകുപ്പിന് കീഴിൽ ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആലപ്പുഴ ജില്ലയിൽ പി. കൃഷ്ണപിള്ളയുടെ നാമധേയത്തിൽ നവോത്ഥാന സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനായി ആരോഗ്യ വകുപ്പിന്റെ ഉടസ്ഥതയിലുള്ള മാവേലിക്കര താലൂക്കിൽ താമരക്കുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 18, റീസർവ്വേ നമ്പർ 30-ൽ ഉൾപ്പെട്ട 5 ഏക്കർ ഭൂമി സാംസ്കാരിക വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

ചെങ്ങന്നൂരിൽ വ്യാവസായിക പരിശീലന വകുപ്പിൽ നിന്നും സാംസ്കാരിക വകുപ്പിന് കൈവശാവകാശം ലഭിച്ച 3 ഏക്കർ ഭൂമിയിൽ സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണം നടന്നു വരുന്നു. ബഹുമാനപ്പെട്ട ചെങ്ങന്നൂർ എം. എൽ. എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 1.43 കോടി രൂപ അനുവദിച്ചു നിർമ്മിക്കുന്ന സമുച്ചയത്തിന് 50 ലക്ഷം രൂപ 2019-20 സാമ്പത്തിക വർഷം സർക്കാർ ധനസഹായം അനുവദിച്ചിരുന്നു. കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദികൾ ലഭ്യമല്ലാത്തിടങ്ങളിൽ മതിയായ സ്ഥലസൗകര്യമുള്ള പാതയോരങ്ങളോ പൊതുയിടങ്ങളോ കണ്ടെത്തി നാട്ടരങ്ങ് എന്ന പേരിൽ രംഗവേദികൾ സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടെ നാട്ടരങ്ങ് എന്ന പദ്ധതി സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്നു. ചെങ്ങന്നൂർ എം. എൽ. എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും നിർമ്മിക്കുന്ന സാംസ്കാരിക കേന്ദ്രത്തോടനുബന്ധിച്ച് നാട്ടരങ്ങ് സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കായംകുളം ശങ്കർ മ്യൂസിയത്തോടനുബന്ധിച്ച് കായംകുളം കൃഷ്ണപുരം സാംസ്കാരിക സാഹസിക വിനോദസഞ്ചാര കേന്ദ്രം സ്ഥാപിക്കുന്നതിന് ആലപ്പുഴ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയുടെ ഭാഗമായി 57 കലാകാരന്മാരെ വിവിധ ബ്ലോക്ക്, പഞ്ചായത്ത്, മുനിസിപ്പാലിറ്റികളിലായി വിന്യസിക്കുകയും പ്രസ്തുത കലാകാരന്മാർ 47 ഓളം കലാരൂപങ്ങളിൽ വിവിധ കേന്ദ്രങ്ങളിൽ കലാപരിശീലനം നടത്തി വരുകയും ചെയ്യുന്നുണ്ട്. പരിശീലന ക്ലാസ്സുകളുടെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ് ഓരോ കലാകാരനും 10,000 രൂപ വീതവും തദ്ദേശസ്വയംഭരണ വകുപ്പ് 5000 രൂപ വീതവും നൽകി വരുന്നുണ്ട്.

സാംസ്കാരിക വകുപ്പിനുകീഴിൽ 1967-ൽ സ്ഥാപിതമായി അമ്പലപ്പുഴയിൽ പ്രവർത്തിച്ചുവരുന്ന കുഞ്ചൻ നമ്പ്യാർ സ്മാരകം നമ്പ്യാരുടെ സ്മരണ നിലനിർത്തുന്നതിനും തുള്ളൽ കലയെ പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധങ്ങളായ സാംസ്കാരിക പ്രവർത്തനങ്ങളും ഇടപെടലുകളുമാണ് തുടർച്ചയായി നടത്തി വരുന്നത്. കേരളത്തിലെ മികച്ച തുള്ളൽ കലാകാരന് കുഞ്ചൻ നമ്പ്യാർ പുരസ്കാരം നൽകി ആദരിക്കുന്നു. കൂടാതെ ഹാസ്യ കലയ്ക്ക് നൽകുന്ന സംഭാവനയെ മാനിച്ച് മികച്ച ഹാസ്യ പ്രതിഭയ്ക്ക് ഹാസ്യ പ്രതിഭാ പുരസ്കാരം നൽകി ആദരിക്കുന്നു. കുഞ്ചൻ നമ്പ്യാരുടെ കവിതകളും തുള്ളൽ കലയും കുട്ടികളെ പരിചയപ്പെടുത്തുന്നതിനായി ' തുള്ളൽ കല ജനങ്ങളിലേയ്ക്ക് ' എന്ന പേരിൽ ജില്ലയിലെ വിവിധ സ്കൂളുകളിൽ ക്ലാസ്സുകളും തുള്ളൽ അവതരണങ്ങളും നടത്തി വരുന്നു.

സാംസ്കാരിക വകുപ്പിനുകീഴിൽ തകഴിയിൽ പ്രവർത്തിക്കുന്ന തകഴി സ്മാരകത്തിൽ 2019-20 ബഡ്ജറ്റിൽ അനുവദിച്ച അഞ്ച് കോടി രൂപ ചെലവഴിച്ച് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന തകഴി മ്യൂസിയത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു.

പല്ലന കുമാരകോടിയിൽ സാംസ്കാരിക വകുപ്പിന് കീഴിലുള്ള മഹാകവി കുമാരനാശാൻ സ്മാരകത്തിൽ സാഹിത്യ ടൂറിസം പദ്ധതിയുടെ ഭാഗമായി വിവിധ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. റഡീമർ മ്യൂസിയം നിർമ്മിക്കുവാൻ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.